പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3751

20 .10.2016-ൽ
മറുപടിയ്ക്ക്

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

| ചോദ്യം<br>ശ്രീ. കെ. ജെ. മാക്സി | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) കൊച്ചി നിയോജക മണ്ഡലത്തിൽ എത്ര സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കൊച്ചി നിയോജക മണ്ഡലത്തിൽ 10 സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ചെല്ലാനം വില്ലേജിലെ മൃഗാശുപത്രി, ഹാർബർ എഞ്ചിനീയറിംഗ് ഓഫീസ്, കുമ്പളങ്ങി വില്ലേജിലെ മൃഗാശുപത്രി, കൃഷി ഭവൻ, തോപ്പുംപടി വില്ലേജിലെ ലീഗൽ മെട്രോളജി ഓഫീസ്, സിറ്റി റേഷനിംഗ് ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ്, ജോയിന്റ് ആർ. ടി ഓഫീസ്, ഫോർട്ട് കൊച്ചി വില്ലേജിലെ ഫിഷറീസ് ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് & ഇക്കണോമിക്സ് ഓഫീസ് എന്നിവയാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ. |
| (ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ, സർക്കാർ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ